# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.09.2026**

## പ്രധാനവാർത്തകൾ

1. പ്രതിരോധശേഷി, നൂതനാശയം, സഹകരണം, സുസ്ഥിരത തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള അംഗരാജ്യങ്ങളുടെ ചർച്ച ബ്രിക്സ് ഉച്ചകോടിയിൽ പുരോഗമിക്കുന്നു.
2. മഹാമാരികളും കാലാവസ്ഥാ ദുരന്തങ്ങളും അടക്കമുള്ള വെല്ലുവിളികൾ അതിജീവിക്കുന്നതിന് ബ്രിക്സ് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. അഞ്ച് ദിവസത്തെ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് കോഴിക്കോട്ടെത്തും.
4. വർധിച്ച വൈദ്യുതി ഉപയോഗവും അധിക ഊർജ്ജ ആവശ്യകതയും കണക്കിലെടുത്ത് പുതിയ ഊർജ്ജ നയം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
5. സംസ്ഥാനത്തെ 108 ആംബുലൻസിൻറെ പ്രവർത്തനം തടസപ്പെടുത്തുന്ന സമരങ്ങൾക്കെതിരെ നടപടിയെന്ന് മന്ത്രി കെ മുരളീധരൻ.
6. ടി20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

**ബ്രിക്സ് (ഇൻട്രോ)**

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. ഉച്ചകോടിയുടെ അവസാന ദിനമായ ഇന്ന് വിവിധ രാഷ്ട്രത്തലവന്മാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.

വിശദാംശങ്ങളിലേക്ക് ........... (വോയ്സ്)

**ബ്രിക്സ് (വോയ്സ്)**

ഉച്ചകോടിയുടെ രണ്ടാം ദിനമായ ഇന്ന് പ്രതിരോധശേഷി, നൂതനാശയം, സഹകരണം, സുസ്ഥിരത: എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആഗോള വളർച്ചയ്ക്കായി ഭാവി രൂപപ്പെടുത്തൽ' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ച പുരോഗമിക്കുകയാണ്. ബ്രിക്സ് അംഗരാജ്യങ്ങളും പങ്കാളിത്ത രാജ്യങ്ങളും ചർച്ചയിൽ പങ്കെടുക്കുന്നുണ്ട്. സമ്മേളനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി കസാഖിസ്ഥാൻ, ഫിലിപ്പൈൻസ് , ഈജിപ്ത് , ദക്ഷിണാഫ്രിക്ക, ബുറുണ്ടി എന്നി രാജ്യങ്ങളുടെ രാഷ്ട്രത്തലവന്മാരുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ഉച്ചകോടിയുടെ ആദ്യദിനമായ ഇന്നലെ രാജ്യങ്ങൾ ന്യൂഡൽഹി പ്രഖ്യാപനം 2026 അംഗീകരിച്ചതിനോടൊപ്പം അന്താരാഷ്ട്ര തർക്കങ്ങളിൽ ചർച്ചകളിലൂടെ പരിഹാരം, പശ്ചിമേഷ്യൻ സംഘർഷം എന്നീ വിഷയങ്ങളിലും വിശദമായ ചർച്ചകൾ നടന്നു. പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച ബ്രിക്സ് നേതാക്കൾ, ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കണമെന്നും എല്ലാത്തരം ഭീകരവാദ പ്രവർത്തനങ്ങളെയും ചെറുക്കുമെന്നും വ്യക്തമാക്കി. നാലാം തവണയാണ് ഇന്ത്യ ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നത്.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

**&&&&&&&&&&&&&&&&&&**

PNUTVPM

<u>ബ്രിക്സ് ഉച്ചകോടി- പ്രധാനമന്ത്രി</u>

പ്രതിസന്ധികൾ ഒരു പ്രത്യേക മേഖലയിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന്, മഹാമാരികളും കാലാവസ്ഥാ ദുരന്തങ്ങളും വിതരണ ശൃംഖലയിലെ തടസ്സങ്ങളും തെളിയിച്ചിട്ടുള്ളതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ബ്രിക്സ് ഉച്ചകോടിയുടെ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വെല്ലുവിളികൾ അതിജീവിക്കുന്നതിനുള്ള പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് ബ്രിക്സ് രാജ്യങ്ങൾ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ചെറുകിട സംരംഭങ്ങളെ വിജ്ഞാനം, സാമ്പത്തികം, നൂതനവിപണികൾ എന്നിവയുമായി ബന്ധിപ്പിക്കാൻ ബ്രിക്സ്-എംഎസ്എംഇ സഹകരണ പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിർദ്ദേശിച്ചതായും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>ബ്രിക്സ് - സ്വാഗതം</u>

RNU TVPM

ബ്രിക്സ് പങ്കാളിത്ത രാജ്യങ്ങളിലെ നേതാക്കളെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻ ഹുങ്, സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ, യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് ഉൾപ്പെടെയുള്ള നേതാക്കളെയാണ് പ്രധാനമന്ത്രി ഇന്ന് സ്വാഗതം ചെയ്തത്.

&&&&&&&&&&&&&&&&&&

<u>ലോകാരോഗ്യ സംഘടന</u>

2026 ബ്രിക്സ് ഉച്ചകോടിയിൽ അംഗീകരിക്കപ്പെട്ട ന്യൂഡൽഹി പ്രഖ്യാപനത്തെ പ്രകീർത്തിച്ചു ലോകാരോഗ്യസംഘടന. സമ്പൂർണ ആരോഗ്യ പരിരക്ഷ, പ്രതിരോധ കർമ്മ പരിപാടികൾ തുടങ്ങിയവയിൽ രാജ്യങ്ങൾ എത്തിച്ചേർന്ന ധാരണ മാതൃകാപരമാണെന്നും ആരോഗ്യസംഘടന സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## ബ്രിക്സ് - ന്യൂഡൽഹി

ബ്രിക്സ് ഉച്ചകോടിയിൽ 'ന്യൂഡൽഹി പ്രഖ്യാപന'ത്തിൽ സമവായമുണ്ടായതിൽ ഇന്ത്യയുടെ അധ്യക്ഷപദവിക്ക് പ്രത്യേക സ്ഥാനമുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യയുടെ അധ്യക്ഷതയിൽ വിവിധ തലങ്ങളിൽ നടന്ന ഒരു വർഷം നീണ്ട ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായാണ് സമവായമുണ്ടായതെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## മലേഷ്യൻ പ്രധാനമന്ത്രി

അഞ്ച് ദിവസത്തെ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് കോഴിക്കോട്ടെത്തും. വിമാനത്താവളത്തിൽ വൈകിട്ട് മന്ത്രി ടി.സിദ്ദിഖ് അദ്ദേഹത്തെ സ്വീകരിക്കും. തുടർന്ന് കോഴിക്കോട് മർകസ് ക്യാമ്പസ് സന്ദർശിക്കും. സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. മുഖ്യമന്ത്രി, ഗവർണർ എന്നിവരുമായും മലേഷ്യൻ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

RNU TVPM

## വൈദ്യുതി പ്രതിസന്ധി - മുഖ്യമന്ത്രി

സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ സമഗ്രമായ വൈദ്യുതി നയവും പവർ മാനേജ്മെൻറും രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കൊച്ചിയിൽ കോറെൻ എനർജി എക്സ്പോ 2026 – എനർജി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വർധിച്ച വൈദ്യുതി ഉപയോഗവും അധിക ഊർജ്ജ ആവശ്യകതയും കണക്കിലെടുത്ത് ഒക്ടോബറിൽ പുതിയ ഊർജ്ജ നയം കൊണ്ടുവരും. 2030-31ലെ ആവശ്യകത കണക്കിലെടുത്ത് ആധുനിക വൈദ്യുതി നയം നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## പെൻഷൻ

സംസ്ഥാനത്ത് 1105 കോടി രൂപ ക്ഷേമപെൻഷൻ വിതരണം ചെയ്തതായി മുഖ്യമന്ത്രി വി ഡി സതീശൻ. 51 ലക്ഷത്തി 59,000 ഗുണഭോക്താക്കൾക്ക് പെൻഷൻ എത്തിക്കാൻ കഴിഞ്ഞു. കൂടാതെ, വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കുടിശ്ശിക തീർപ്പാക്കാനും ജീവനക്കാരുടെ ഓണം ആനുകൂല്യങ്ങൾ ഉറപ്പാക്കാനും കഴിഞ്ഞതായും ശ്രീ സതീശൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## ആംബുലൻസ്

സംസ്ഥാനത്തെ 108 ആംബുലൻസ് സർവീസിന്റെ പ്രവർത്തനം തടസപ്പെടുത്തുന്ന സമരങ്ങൾക്കെതിരെ കടുത്ത നടപടി എടുക്കണമെന്ന് മന്ത്രി കെ മുരളീധരൻ. പണിമുടക്കുകൾ ഒഴിവാക്കാൻ എസൻഷ്യൽ സർവീസസ് മെയിന്റനൻസ് ആക്ട് പ്രയോഗിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ മുരളീധരൻ, ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയ്ക്ക് കത്തയച്ചു.108 ആംബുലൻസ് ജീവനക്കാരുടെ യൂണിയൻ, 2025–26 വർഷത്തെ ബോണസ് സംബന്ധിച്ച് ഈ മാസം 17 മുതൽ പ്രഖ്യാപിച്ച 24 മണിക്കൂർ പണിമുടക്കിന്റെ പശ്ചാത്തലത്തിലാണ് അടിയന്തര ഇടപെടൽ.

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - കാർഡിയോളജി

ദീർഘായുസ്സിനൊപ്പം ആരോഗ്യകരമായ ജീവിതത്തിനും പദ്ധതി വേണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കൊച്ചിയിൽ ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജിയുടെ 33-ാമത് ദേശീയ സമ്മേളനമായ ഐസിസികോൺ 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചികിത്സയ്ക്കൊപ്പം രോഗപ്രതിരോധത്തിനും ഹൃദ്രോഗം നേരത്തേ കണ്ടെത്തുന്നതിനും കൂടുതൽ പ്രാധാന്യം നൽകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ വനമേഖലകളിൽ നാലുദിവസമായി നടന്ന സർവേയിൽ 54 ഇനം ഉഭയജീവികളെയും 52 ഇനം ഉരഗജീവികളെയും കണ്ടെത്തി. വംശനാശഭീഷണി നേരിടുന്നതും പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്നതുമായ നിരവധി അപൂർവ്വ ജീവിവർഗ്ഗങ്ങൾ സർവേയിൽ അടയാളപ്പെടുത്തപ്പെട്ടു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........**

(വോയ്സ്)

&&&&&&&&&&&&&&&&&&

## ഓൺലൈൻ വായ്പാ തട്ടിപ്പ്-കേരള പോലീസ്

സമൂഹമാധ്യമങ്ങളിലൂടെയും എസ്.എം.എസ്, വ്യാജ വെബ്സൈറ്റുകൾ എന്നിവ വഴിയും വ്യാജ വായ്പാ വാഗ്ദാനങ്ങൾ നൽകി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് കേരള പോലീസിൻറെ മുന്നറിയിപ്പ്. അംഗീകൃത ആപ്പുകളെന്ന വ്യാജേന അയച്ചുനൽകുന്ന എ.പി.കെ ഫയലുകൾ വഴിയാണ് തട്ടിപ്പുകൾ നടത്തുന്നതെന്നും വ്യക്തിഗത, ബാങ്ക് വിവരങ്ങൾ അപരിചിതരുമായി പങ്കുവെക്കരുതെന്നും അധികൃതർ നിർദ്ദേശിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

## പി.ഐ.ബി-മാധ്യമ പര്യടനം

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ കേരളത്തിൽ നിന്നുള്ള മാധ്യമപ്രവർത്തകർക്കായി ഒഡിഷയിലേക്ക് സംഘടിപ്പിക്കുന്ന മാധ്യമ പര്യടനം ആരംഭിച്ചു. ആറ് ദിവസത്തെ പര്യടനത്തിൽ 10 മാധ്യമപ്രവർത്തകർ പങ്കെടുക്കും. പി.ഐ.ബി ഡെപ്യൂട്ടി ഡയറക്ടർ ആതിര തമ്പി, ഇൻഫർമേഷൻ അസിസ്റ്റൻറ് നിഖിത എ.എസ് എന്നിവർ മാധ്യമ സംഘത്തെ അനുഗമിക്കും.

&&&&&&&&&&&&&&&&&&

## ശബരിമല

ശബരിമല തീർത്ഥാടനത്തിൻ്റെ ഭാഗമായുള്ള പ്രവർത്തികൾക്ക് പൊതുമരാമത്ത് വകുപ്പിന് സംസ്ഥാന സർക്കാർ 551 കോടി രൂപ അനുവദിച്ചു. ശബരിമല അവലോകന യോഗത്തിന് ശേഷം പൊതുമരാമത്ത് മന്ത്രി നൽകിയ പ്രൊപ്പോസലിന് മുഖ്യമന്ത്രി ഉടൻ അനുമതി നൽകുകയായിരുന്നു.

&&&&&&&&&&&&&&&&&&

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ഒന്നാം വിള കൊയ്ത്ത് ആരംഭിച്ചിട്ടും നെല്ല് സംഭരണത്തിനുള്ള നടപടികൾ തുടങ്ങാത്തത് കർഷകരെ ആശങ്കയിലാക്കിയിരിക്കുകയാണ്. നെല്ലിന്റെ സംഭരണവിലയും പ്രഖ്യാപിച്ചിട്ടില്ല.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...... (വോയ്സ്)**

&&&&&&&&&&&&&&&&&&

## ഏഷ്യ കപ്പ് ക്രിക്കറ്റ്

ടി20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

RNU TVPM

&&&&&&&&&&&&&&&&&&

## പുരുഷ ടി-20 ക്രിക്കറ്റ്

ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ഡൽഹിയിൽ തുടക്കമാകും. വൈകിട്ട് 7 മണിക്കാണ് ആദ്യ മത്സരം. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&&&

## യു.എസ് ഓപ്പൺ - ടെന്നീസ്

യുഎസ് ഓപ്പൺ വനിതാ സിംഗിൾസ് കിരീടം കസാക്കിസ്ഥാന്റെ എലീന റൈബാക്കിനയ്ക്ക്. ഫൈനലിൽ ബെലറുസിന്റെ അരീന സബലെങ്കയെ പരാജയപ്പെടുത്തിയാണ് റൈബാക്കിനയുടെ കിരീട നേട്ടം. ഇന്ന് രാത്രി നടക്കുന്ന പുരുഷ സിംഗിൾസ് ഫൈനലിൽ അലക്സാണ്ടർ സ്വെരേവ് -ബെൻ ഷെൽട്ടനെ നേരിടും.

&&&&&&&&&&&&&&&&&&

കണ്ണൂർ - സ്കൂൾ ഗെയിംസ്

സംസ്ഥാന സ്കൂൾ ഗെയിംസ് ഗ്രൂപ്പ് വൺ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ ജില്ല ഒന്നാം സ്ഥാനത്ത് തുടരുന്നു. തിരുവനന്തപുരം രണ്ടാം സ്ഥാനത്തും കൊല്ലം മൂന്നാം സ്ഥാനത്തുമാണ്. ഗെയിംസിന്റെ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് മന്ത്രി സണ്ണി ജോസഫ് കണ്ണൂർ മുണ്ടയാട്ട് നിർവഹിക്കും. ചൊവ്വാഴ്ച വരെ നടക്കുന്ന ഗെയിംസിൽ 2300 ഓളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

വല്ലാർപാടം

വല്ലാർപാടം ബസിലിക്കയിലേക്കുള്ള 23-ാമത് മരിയൻ തീർത്ഥാടനം ഇന്ന്. ഉച്ചയ്ക്ക് എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ അങ്കണത്തിൽ വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ തീർത്ഥാടനം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&

RNI TVPM